**മധുരമായ കുട്ടികളേ - നിങ്ങൾ തന്നെയാണ് വളരെക്കാലമായി വേർപെട്ടിരുന്നത്, നിങ്ങൾ തന്നെയാണ് മുഴുവൻ 84 ജന്മത്തിന്റേയും പാർട്ടഭിനയിച്ചത്, ഇപ്പോൾ നിങ്ങൾക്ക് ദുഃഖത്തിന്റെ ബന്ധങ്ങളിൽ നിന്ന് സുഖത്തിന്റെ സംബന്ധങ്ങളിലേക്ക് പോകണം, അതുകൊണ്ട് അപാരമായ സന്തോഷത്തിലിരിക്കൂ.**

**ചോദ്യം:-** ഏതു കുട്ടികൾക്കാണ് സദാ അപാര സന്തോഷത്തിലിരിക്കാൻ കഴിയുക?

**ഉത്തരം:-** ആർക്കാണോ നിശ്ചയമുള്ളത് 1. ബാബ നമ്മെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റാൻ വന്നിരിക്കുകയാണ്. 2. നമ്മുടെ സത്യമായ അച്ഛൻ തന്നെയാണ് ഗീതയുടെ സത്യം സത്യമായ ജ്ഞാനം കേൾപ്പിക്കാൻ വന്നിരിക്കുന്നത്. 3. നമ്മൾ ആത്മാക്കളിപ്പോൾ ഈശ്വരീയ മടിത്തട്ടിലാണിരിക്കുന്നത്. നമ്മൾ ആത്മാക്കൾ ഈ ശരീര സഹിതം ബാബയുടേതായി മാറിയിരിക്കുകയാണ്. 4. ബാബ നമുക്ക് ഭക്തിയുടെ ഫലം (സദ്ഗതി) നൽകാൻ വേണ്ടി വന്നിരിക്കുകയാണ്. 5. ബാബ നമ്മെ ത്രികാലദർശികളാക്കി മാറ്റിയിരിക്കുകയാണ്. 6. സ്വയം ഭഗവാൻ അമ്മയായി മാറി നമ്മെ ദത്തെടുത്തിരിക്കുകയാണ്. നാം ഈശ്വരീയ വിദ്യാർത്ഥികളാണ്. ആരാണോ ഈ സ്മൃതിയിലും നിശ്ചയത്തിലുമിരിക്കുന്നത്, അവർക്ക് അപാര സന്തോഷമുണ്ടാകുന്നു.

**ഓം ശാന്തി.** നമ്മൾ ആത്മാക്കളാണെന്ന് കുട്ടികൾക്ക് നിശ്ചയമുണ്ട്. ബാബ, ഭഗവാൻ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങിനെയാണെങ്കിൽ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കേണ്ടതാണ്. സന്മുഖത്തു വരുമ്പോൾ ആത്മാവ് മനസ്സിലാക്കുകയാണ് ബാബ വന്നിരിക്കുകയാണ് - സർവ്വർക്കും സദ്ഗതി നൽകാൻ. സർവ്വരുടേയും സദ്ഗതി ദാതാവ്, ജീവൻമുക്തി ദാതാവ് ബാബ തന്നെയാണ്. കുട്ടികൾക്കറിയാം മായ ഇടക്കിടെ മറപ്പിക്കുകയാണ്. എന്നാൽ ഇതു മനസ്സിലാക്കുന്നുണ്ടല്ലോ നമ്മൾ ബാബയുടെ സന്മുഖമിരിക്കുകയാണ്. നിരാകാരനായ ബാബ ഈ രഥത്തിലിരിക്കുകയാണ്. ഏതുപോലെ മുസൽമാന്മാർ കുതിരയെ തുണികൾ കൊണ്ട് അലങ്കരിച്ച് പറയുന്നു, ഈ കുതിരയിലാണ് മുഹമ്മദ് നബി സവാരി ചെയ്തിരുന്നത്. ഇവിടെയാണെങ്കിൽ നിരാകാരനായ ബാബയുടെ പ്രവേശതയാണ്. കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടാകേണ്ടതാണ്. സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്ന ബാബ, വിശ്വത്തിന്റെ അധികാരിയാക്കുന്ന ബാബ വന്നിരിക്കുകയാണ്. ബാബയാണ് ഗീതയുടെ സത്യം സത്യമായ ഭഗവാൻ. ആത്മാവിന്റെ ബുദ്ധി ബാബയുടെ പക്കലേയ്ക്ക് പോകുന്നു. ഇതാണ് ബാബയോട് ആത്മാക്കളുടെ സ്നേഹം. ഈ സന്തോഷം ആർക്കാണുണ്ടാകുന്നത്? ആരാണോ വളരെ കാലമായി ബാബയുമായി വേറിട്ടിരുന്നിരുന്നത്. ബാബ സ്വയം പറയുകയാണ് ഞാൻ നിങ്ങളെ സുഖത്തിന്റെ സംബന്ധത്തിലേക്ക് അയച്ചിരുന്നു, ഇപ്പോൾ ദുഃഖത്തിന്റെ ബന്ധനത്തിലാണ്. നിങ്ങളിപ്പോൾ മനസ്സിലാക്കുകയാണ് എല്ലാവരും 84 ജന്മങ്ങളെടുക്കുന്നില്ല. 84 ലക്ഷത്തിന്റെ ചക്രമാണെങ്കിൽ ആരുടെയും ബുദ്ധിയിലിരിക്കുകയില്ല. ബാബ 84 ജന്മങ്ങളുടെ ചക്രം വളരെ വ്യക്തമായി പറഞ്ഞുതന്നിട്ടുണ്ട്. ബാബയുടെ കുട്ടികൾ 84 ജന്മങ്ങളെടുത്തുകൊണ്ടിരിക്കുന്നു. നിങ്ങളിപ്പോളറിയുന്നു നമ്മൾ ആത്മാക്കൾ ശരീരത്തിലെ അവയവങ്ങളിലൂടെ കേട്ടുകൊണ്ടിരിക്കുകയാണ്. ബാബ ഈ മുഖത്തിലൂടെ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്വയം പറയുകയാണ് എനിക്ക് ഈ അവയവങ്ങളുടെ ആധാരമെടുക്കേണ്ടി വരുന്നു, ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവ് എന്ന് വെക്കേണ്ടിവരുന്നു. പ്രജാപിതാ ബ്രഹ്മാവ് മനുഷ്യനായിരിക്കണമല്ലോ. സൂക്ഷ്മലോകത്ത് പ്രജാപിതാ ബ്രഹ്മാവ് എന്നു പറയാൻ കഴിയുകയില്ലല്ലോ. സ്ഥൂല ലോകത്തിൽ വന്നാണ് പറയുന്നത് ഞാൻ ഈ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിച്ച് നിങ്ങളെ ദത്തെടുക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ കുട്ടികൾ ഈശ്വരീയ മടിത്തട്ടിൽ ഇരിക്കുകയാണ്. ശരീരമില്ലാതെ മടിത്തട്ടുണ്ടാകില്ലല്ലോ. ആത്മാവ് പറയുകയാണ് ഞാൻ ശരീരം മുഖേന ഇദ്ദേഹത്തിന്റേതായി മാറുന്നു. ഈ ശരീരം ബാബ കടമെടുത്തിരിക്കുകയാണ്. ഈ ശരീരം ബാബയുടേതല്ല. ആത്മാവ് ഇതിൽ പ്രവേശിച്ചിരിക്കുകയാണ്. നിങ്ങളുടെ ശരീരത്തിലും ആത്മാവ് പ്രവേശിച്ചിരിക്കുകയാണല്ലോ. ഈ ബാബയും പറയുകയാണ് - ഞാൻ ഈ ദേഹത്തിലുണ്ട്, ഇടക്ക് കുട്ടിയാകുന്നു, ഇടക്ക് അമ്മയാകുന്നു. ജാലവിദ്യക്കാരനാണല്ലോ. ചിലർ ഈ കളിയെ ജാലവിദ്യയാണെന്നു കരുതുകയാണ്. ലോകത്തിൽ കപടമായ സിദ്ധികൾ അനേകമുണ്ട്. ചിലർ കൃഷ്ണനായി മാറുന്നു, ആർക്കാണോ കൃഷ്ണനിൽ വളരെയധികം ഭാവനയുള്ളത്, അവർക്ക് പെട്ടെന്ന് കൃഷ്ണൻ കാണപ്പടുന്നു. അവരെ അംഗീകരിക്കുകയും, പിന്നെ അവർക്ക് വളരെ അനുയായികളുമുണ്ടാകുന്നു. ഇവിടെയാണെങ്കിൽ പൂർണ്ണമായും ജ്ഞാനത്തിന്റെ കാര്യമാണ്. ഒന്നാമതായി ഞാൻ ആത്മാവാണെന്ന ഉറച്ച നിശ്ചയം വേണം. ബാബ പറയുകയാണ് ഞാൻ നിങ്ങളുടെ പിതാവാണ്, നിങ്ങൾ കുട്ടികളെ ത്രികാലദർശികളാക്കുകയാണ്. ഇങ്ങിനെയുള്ള ജ്ഞാനം വേറെ ആർക്കും നൽകാൻ കഴിയുകയില്ല. ഭക്തി മാർഗ്ഗ

ത്തിന്റെ അവസാന സമയത്താണ് ബാബക്ക് വരേണ്ടിവരുന്നത്. പലർക്കും ശിവ ലിംഗത്തിന്റേയും അഖണ്ഡ ജ്യോതിയുടേയും സാക്ഷാൽക്കാരമുണ്ടാകുന്നു. ആർക്ക് എങ്ങിനെയാണോ ഭാവന ആ ഭാവന ഞാൻ പൂർത്തീകരിച്ചു കൊടുക്കുന്നു. പക്ഷെ, ആരും എന്നെ കാണുന്നില്ല. എന്നെ അറിയുന്നതേയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുകയാണ് ബാബയും ബിന്ദുവാണ്, നമ്മൾ ആത്മാക്കളും ബിന്ദുക്കളാണ്. എന്നിൽ ഈ ജ്ഞാനമെല്ലാമുണ്ട്, നിങ്ങളിലും ഈ ജ്ഞാനമുണ്ട്. എന്നാൽ ഇത് ആർക്കും അറിയുകയില്ല നമ്മൾ ആത്മാക്കൾ പരംധാമ നിവാസികളാണെന്ന്. നിങ്ങൾ ബാബയുടെ മുന്നിൽ വന്നിരിക്കുമ്പോൾ രോമാഞ്ചമുണ്ടാകേണ്ടതാണ്. ആഹാ, ജ്ഞാനസാഗരനായ ശിവബാബ ഈ രഥത്തിലിരുന്ന് നമ്മെ പഠിപ്പിക്കുകയാണ്. അല്ലാതെ കൃഷ്ണന്റെയോ ഗോപികമാരുടേയോ കാര്യം തന്നെയില്ല. ഇവിടെയുമില്ല, സത്യയുഗത്തിലുമില്ല. അവിടെ ഓരോ രാജകുമാരനും തന്റെ കൊട്ടാരത്തിൽ വസിക്കുന്നു. ഈ കാര്യങ്ങളെല്ലാം അവരേ മനസ്സിലാക്കൂ ആരാണോ വന്ന് ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നത്. അപ്പോൾ, ഉള്ളിൽ ഈ സന്തോഷവും ഉണ്ടായിരിക്കേണ്ടതാണ്. പറയന്നുമുണ്ടല്ലോ, അങ്ങ് മാതാവും പിതാവുമാണ് . . എന്നാൽ ഇതിന്റെ അർത്ഥവും ആരും മനസ്സിലാക്കുന്നില്ല. അച്ഛനെന്നത് ശരി, അമ്മയെന്ന് ആരെയാണ് പറയുന്നത്? തീർച്ചയായും മാതാവും വേണമല്ലോ. ഈ മാതാവിന് വേറെ ഒരമ്മയൊന്നുമുണ്ടാകുകയില്ല. ഈ രഹസ്യം മനസ്സിലാക്കേണ്ട വലിയ കാര്യമാണ്. ബാബ പറയുകയാണ് നിങ്ങളിലും യാതൊരവഗുണങ്ങളുമുണ്ടാകരുത്. പാടാറുമുണ്ട് നിർഗുണനായ എന്നിൽ ഒരു ഗുണവുമില്ല. ഇപ്പോൾ കുട്ടികൾക്ക് ഗുണവാന്മാരായി മാറണം. യാതൊരു തരത്തിലുള്ള കാമ-ക്രോധങ്ങളും ഉണ്ടാകരുത്. ദേഹാഹങ്കാരവുമുണ്ടാകരുത്.

ഈ സമയത്ത് നിങ്ങൾ കുട്ടികൾ ഇവിടെ ഇരിക്കുകയാണ്, അറിയുകയും ചെയ്യാം, പിന്നെ എന്തുകൊണ്ട് വാടിപ്പോകുന്നു. എന്നാൽ ഈ പരിപക്വ അവസ്ഥ അവസാനമേയുണ്ടാകുകയുള്ളൂ. പാടപ്പെട്ടിട്ടുമുണ്ട് അതീന്ദ്രിയ സുഖമെന്തെന്നറിയണമെങ്കിൽ ഗോപ-ഗോപികമാരോട് ചോദിക്കണം. ഇത് അവസാന സമയത്തെ സ്ഥിതിയാണ്, ആർക്കും ഇങ്ങിനെ പറയാൻ കഴിയുകയില്ല ഞാൻ 75% അതീന്ദ്രിയ സുഖത്തിലിരിക്കുകയാണെന്ന്. ഈ സമയത്ത് വളരെയധികം പാപഭാരമുണ്ട്. ഗുരു കൃപകൊണ്ടോ ഗംഗാ സ്നാനം കൊണ്ടോ പാപം നഷ്ടമാകുകയില്ല. ബാബ അവസാനമാണ് വന്ന് ജ്ഞാനം നൽകുന്നത്. കാണിക്കുന്നുമുണ്ട് കന്യകമാരെക്കൊണ്ട് ബാണം എയ്തു, പിന്നെ മരിച്ചുവെന്ന്. മരിക്കുന്ന സമയത്ത് ഗംഗാജലം കുടിപ്പിച്ചു. നിങ്ങളിവിടെ ബോധരഹിതരാകുമ്പോൾ, നിങ്ങൾക്ക് ബാബയുടെ ഓർമ്മ ഉണർത്തുന്നു. എന്നെ മാത്രം ഓർമ്മിക്കുക, എന്ന സ്വഭാവം കുട്ടികളിലുണ്ടാകേണ്ടതാണ്. ആരെങ്കിലും ഓർമ്മിപ്പിച്ചാൽ മാത്രം ഓർമ്മിക്കുന്നു ഇങ്ങിനെയാകരുത് .ശരീരം വിടുന്ന സമയത്ത് ഓർമ്മ സ്വതവേയുണ്ടാകണം, ആരുടേയും സഹായമില്ലാതെ. അവരാണെങ്കിൽ മന്ത്രം നൽകുകയാണ്. അത് സാധാരണമാണ്. ആ സമയത്ത് വളരെ കോലാഹലങ്ങൾ മുതലായവയുണ്ടായിരിക്കും. നിങ്ങൾ ഭിന്ന-ഭിന്ന സ്ഥാനങ്ങളിലും താമസിക്കുന്നു. ആ സമയത്ത് ശിവ, ശിവയെന്നു പറയൂ എന്നാരും പറയുകയില്ല. നിങ്ങൾക്ക് ആ സമയം പൂർണ്ണമായും ഓർമ്മ വേണം, സ്നേഹം വേണം, അപ്പോൾ മാത്രമേ ഒന്നാം നമ്പർ പദവിയെടുക്കാൻ കഴിയുകയുള്ളൂ. നിങ്ങൾ കുട്ടികൾക്കറിയാം ഞാൻ നിങ്ങളുടെ അച്ഛനാണ്, കല്പം മുൻപും നിങ്ങളെ പുഷ്പസമാനമാക്കി മാറ്റിയിരുന്നു. സത്യയുഗത്തിൽ യോഗ ശക്തികൊണ്ട് പുഷ്പ സമാനം പവിത്രമായ കുട്ടികൾ പിറക്കുന്നു. ദുഃഖം നൽകുന്ന ഒരു വസ്തുക്കളും അവിടെയുണ്ടാകുകയില്ല. പേരു തന്നെ സ്വർഗ്ഗമെന്നാണ്. എന്നാൽ അവിടെ ആരാണ് വസിക്കുന്നത് എന്ന് ഭാരതവാസികൾക്കറികയില്ല. ശാസ്ത്രങ്ങളിൽ ഇങ്ങിനെയുള്ള കാര്യങ്ങളെഴുതിവെച്ചിട്ടുണ്ട് അതായത് അവിടെയും ഹിരണ്യകശ്യപൻ മുതലായവർ ഉണ്ടായിരുന്നു- ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. ഭക്തിയും ആദ്യം സതോപ്രധാനമായിരുന്നു, പിന്നീട് പതുക്കെ പതുക്കെ തമോപ്രധാനമായി മാറുന്നു.

ബാബ പറയുകയാണ് ഞാൻ നിങ്ങളെ വാനോളം ഉയർത്തുകയാണ്. നിങ്ങൾ പതുക്കെ പതുക്കെ താഴോട്ടിറങ്ങി വരുന്നു. മനുഷ്യർക്ക് യാതൊരു മഹിമയുമില്ല. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. ഗുരുക്കന്മാരാണെങ്കിൽ അനേക പ്രകാരത്തിലുള്ള തീർത്ഥയാത്രകൾ മുതലായവ പഠിപ്പിക്കുന്നു, എന്നാലും താഴോട്ടിറങ്ങിക്കൊണ്ടു പോകുകയാണ്. ഭക്തിമാർഗ്ഗത്തിൽ മീരക്ക് സാക്ഷാൽക്കാരമുണ്ടായതായി കാണിക്കുന്നു, എന്നാൽ അവർ വിശ്വത്തിന്റെ അധികാരിയായി മാറുന്നില്ലല്ലോ. ബാബ നിങ്ങളോടു പറയുകയാണ് ജിന്നിനെപ്പോലെയായി മാറൂ. നങ്ങൾക്ക് പണി തരുകയാണ് - കേവലം ബാബയേയും സമ്പത്തിനേയും ഓർത്തുകൊണ്ടിരിക്കൂ. നിങ്ങൾ ക്ഷീണിക്കുകയോ ഓർമ്മിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ മായ നിങ്ങളെ പച്ചയായിത്തന്നെ വിഴുങ്ങും. ഓർമ്മയിലിരിക്കുന്നതിലൂടെ സന്തോഷം വർദ്ധിക്കുന്നു. ബാബ നമ്മെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുന്നു. ബാബ നിങ്ങളുടെ മുന്നിലിരിക്കുകയാണ്. നിങ്ങൾ ആത്മാക്കൾ കേട്ടുകൊണ്ടിരിക്കുകയാണ്. മധുരമായ ഓമന സന്താന

ങ്ങളേ, ഞാൻ നിങ്ങളെ മുക്തിധാമിലേയ്ക്ക് കൊണ്ടുപോകാൻ വേണ്ടി വന്നിരിക്കുകയാണ്. തിരിച്ചു പോകാൻ വളരെയധികം പരിശ്രമിക്കുന്നുണ്ടെങ്കിലും, ആർക്കും അവിടെ പോകാൻ കഴിയുകയില്ല. കലിയുഗത്തിനു ശേഷം സത്യയുഗം, രാത്രിക്കു ശേഷം പകൽ വരിക തന്നെ വേണം. നിങ്ങൾ കുട്ടികൾക്കറിയാം സത്യയുഗത്തിൽ നമ്മൾ തന്നെയായിരിക്കും വരിക. ബാബ വീണ്ടും നമുക്ക് രാജ്യഭാഗ്യം നൽകുകയാണ്. അവസാന സമയം അളവറ്റ സന്തോഷമുണ്ടായിരിക്കും. അവസാനമാകുമ്പോൾ വിനാശവും നടക്കും. നിങ്ങൾ സാക്ഷിയായി എല്ലാം കണ്ടുകൊണ്ടിരിക്കും. രക്തച്ചൊരിച്ചിലിന്റെ കളിയായിരിക്കുമല്ലോ. എന്തു പാപമാണ് ചെയ്തത്, കൂട്ടക്കൊലക്കുവേണ്ടി എത്ര ബോംബുകളാണുണ്ടാക്കി വെച്ചിരിക്കുന്നത്. മരിക്കുകതന്നെ ചെയ്യും. അവരും വിചാരിക്കുകയാണ് – നമ്മെ ആരോ പ്രേരിപ്പിക്കുകയാണ്. ആഗ്രഹിക്കുന്നില്ലെങ്കിൽ പോലും നാം ഈ ബോംബുകളെല്ലാം ഉണ്ടാക്കുകയാണ്. വളരെയധികം ചിലവുണ്ടാകുന്നു. ഇതുകൊണ്ട് വിനാശം നടക്കുകയെന്നതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അനേക ധർമ്മങ്ങൾക്കിടയിൽ ഒരു ധർമ്മത്തിന് രാജ്യം ഭരിക്കാൻ കഴിയുകയില്ല. ഇപ്പോൾ അനേക ധർമ്മങ്ങളുടെ വിനാശം നടന്ന് ഒരു ധർമ്മത്തിന്റെ സ്ഥാപന നടക്കേണ്ടതുണ്ട്.

നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ബാബയുടെ ശ്രീമതപ്രകാരം രാജ്യം സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. അവർ മൈതാനത്തിൽ പോകുന്നു ഡ്രിൽ മുതലായവ പഠിക്കുന്നതിനു വേണ്ടി. കരുതുകയാണ് സ്വയം മരിക്കുകയും മറ്റുള്ളവരെ കൊല്ലുകയും വേണം. ഇവിടെ ആ കാര്യമില്ല. വളരെ സന്തോഷത്തിലിരിക്കണം, കാരണം ബാബ വന്നിരിക്കുകയാണ്. പ്രാചീന ഭാരതത്തിലെ രാജയോഗം ഭഗവാൻ തന്നെയാണ് പഠിപ്പിച്ചിരുന്നത്. പേര് മാറ്റി കൃഷ്ണന്റെ വെച്ചിരിക്കുകയാണ്. സന്യാസികൾ കരുതുകയാണ് – നമ്മുടെ തന്നെയാണ് പ്രാചീന യോഗം. നിങ്ങൾക്ക് എത്ര നല്ലരീതിയിലാണ് ബാബ പറഞ്ഞു മനസ്സിലാക്കിത്തരുന്നത്. കുട്ടികളേ, നിങ്ങളെന്നെ തിരിച്ചറിയുന്നുണ്ടോ – ഞാൻ നിങ്ങളുടെ അച്ഛനാണ്. എന്നെത്തന്നെയാണ് പതിത പാവനൻ, ജ്ഞാനസാഗരൻ എന്നെല്ലാം പറയുന്നത്. കൃഷ്ണന് പതിത ലോകത്തിൽ വരാൻ കഴിയുകയില്ല. കൃഷ്ണനെയാണെങ്കിൽ അവർ ദ്വാപരത്തിലാണ് കാണിച്ചിരിക്കുന്നത്. എത്ര തെറ്റിദ്ധാരണകളാണുള്ളത്! തീർത്തും തമോപ്രധാനമായിരിക്കുകയാണ്. ഞാൻ അപ്പോഴാണ് വരുന്നത് – എപ്പോഴാണോ സർവ്വരേയും മുക്തിധാമിലേക്ക് കൊണ്ടുപോകേണ്ടത്.

നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ്. ഇത് ഓർമ്മിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ രോമാഞ്ചമണിയും. ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ ഗർഭ ധാരണം നടത്തികൊണ്ടിരിക്കുകയാണ്. പിന്നീട് നിങ്ങൾ എന്തുകൊണ്ടാണ് ഇത് മറക്കുന്നത്. കുട്ടികൾ ജനിച്ചാൽ അച്ഛനെന്ന് പറയാൻ തുടങ്ങുന്നു. അവർ മനസ്സിലാക്കുന്നു അധികാരികളാണെന്ന്. അതുകൊണ്ട് നിരന്തരം ബാബയെ ഓർക്കൂ. ബാബ പറഞ്ഞുതരികയാണ് – കാമം മഹാശത്രുവാണ്, ഇത് നിങ്ങൾക്ക് ആദി–മദ്ധ്യ–അന്ത്യം വളരെ ദുഃഖം നൽകിയിട്ടുണ്ട്. ഇത് മൃത്യു ലോകമാണ്, വേശ്യാലയമാണ്. രാമൻ ശിവാലയം സ്ഥാപിക്കുന്നു, അതിൽ ദേവീ–ദേവതാ ധർമ്മത്തിന്റെ രാജ്യമുണ്ടാക്കുന്നു. എന്നാൽ അവർ എങ്ങിനെ രാജ്യം പ്രാപ്തമാക്കി, എപ്പോൾ പ്രാപ്തമാക്കി എന്ന് നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കിയിരിക്കുകയാണ്. അവർ കരുതുകയാണ് ദേവി–ദേവതകൾ ഒരിക്കലും പുനർജന്മമെടുക്കുന്നില്ല. ഏതെങ്കിലും വലിയവർക്ക് ഇത് മനസ്സിലാകുകയാണെങ്കിൽ മറ്റുള്ളവരും മനസ്സിലാക്കും. ദരിദ്രരുടെ വാക്കുകൾ ആരും ചെവി കൊള്ളാറില്ല. നിങ്ങളിലും സംഖ്യാക്രമത്തിലാണ് ധാരണയുള്ളത്. സ്കൂളും ഒന്നാണ്, ടീച്ചറും ഒന്നാണ്, എന്നാൽ പഠിക്കുന്നവർ നമ്പർവൈസാണ്! ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) മായയുടെ യുദ്ധത്തിൽ നിന്ന് രക്ഷനേടുന്നതിന് ജിന്നായി മാറി ബാബയുടേയും സമ്പത്തിന്റേയും ഓർമ്മയിലിരിക്കണം. ശിരസ്സിലുള്ള പാപ ഭാരങ്ങളെ ബാബയുടെ ഓർമ്മയിൽ ഇറക്കണം. അതീന്ദ്രിയ സുഖത്തിലിരിക്കണം.

2) വായകൊണ്ട് ശിവ–ശിവ എന്നൊന്നും പറയേണ്ട കാര്യമില്ല. ബാബയോട് സത്യമായ സ്നേഹമുണ്ടായിരിക്കണം. മുള്ളുകളെ പുഷ്പമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്തുകൊണ്ടിരിക്കണം.

**വരദാനം:- നിശ്ചിന്ത സ്ഥിതിയിലൂടെ യഥാർത്ഥ നിർണ്ണയം നൽകുന്ന നിശ്ചയബുദ്ധി വിജയീ-രത്നമായി ഭവിക്കൂ**

സദാ വിജയിയാകുന്നതിന്റെ സഹജമായ സാധനയാണ് - ഒരു ബലം, ഒരു വിശ്വാസം. ഒന്നിൽ വിശ്വാസമുണ്ടെങ്കിൽ ബലം ലഭിക്കുന്നു. നിശ്ചയം സദാ നിശ്ചിന്തമാക്കി മാറ്റുന്നു ആരുടെ സ്ഥിതിയാണോ നിശ്ചിന്തമായിട്ടുള്ളത്, അവർ ഓരോ കാര്യത്തിലും സഫലമാകുന്നു എന്തുകൊണ്ടെന്നാൽ നിശ്ചിന്തമാകുന്നതിലൂടെ ബുദ്ധി യഥാർത്ഥ നിർണ്ണയം നടത്തുന്നു. അതുകൊണ്ട് യഥാർത്ഥ നിർണ്ണയത്തിന്റെ ആധാരമാണ് - നിശ്ചയബുദ്ധി, നിശ്ചിന്തം. ചിന്തിക്കേണ്ടതിന്റെ പോലും ആവശ്യകതയില്ല എന്തുകൊണ്ടെന്നാൽ ഫോളോ ഫാദറാണ് ചെയ്യേണ്ടത്, ചുവടിൻമേൽ ചുവട് വയ്ക്കണം, എന്താണോ ശ്രീമതം ലഭിക്കുന്നത് അതനുസരിച്ച് നടക്കണം. കേവലം ശ്രീമതത്തിന്റെ ചുവടിൻമേൽ ചുവട് വച്ച് നടക്കൂ എങ്കിൽ വിജയീ രത്നമാകും.

**സ്ലോഗൻ:- മനസ്സിൽ സർവ്വരെ പ്രിതിയും മംഗളത്തിന്റെ ഭാവന വയ്ക്കുന്നത് തന്നെയാണ് വിശ്വമംഗളകാരിയാകുക.**

**മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം**

ഈ സംഗമ സമയത്തിൽ ഈശ്വരീയ ജ്ഞാനം ഏതൊന്നാണോ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്താ ഈ ജ്ഞാനം വീണ്ടും നമുക്ക് സത്യയുഗത്തിൽ ലഭിക്കുമോ? ഇപ്പോൾ ഇതിൽ മനസ്സിലാക്കി തരുന്നു സത്യയുഗത്തിൽ നമ്മൾ സ്വയം ജ്ഞാന സ്വരൂപമാണ്. ദേവതാ പ്രാലബ്ധം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്, അവിടെ ജ്ഞാനത്തിന്റെ കൊടുക്കൽ വാങ്ങൾ നടക്കുന്നില്ല, ജ്ഞാനത്തിന്റെ ആവശ്യമുള്ളത് അജ്ഞാനികൾക്കാണ്. സത്യയുഗത്തിൽ എല്ലാവരും ജ്ഞാന സ്വരൂപരാണ്, അവിടെ ജ്ഞാനം നൽകുന്നതിന്റെ ആവശ്യകതക്കായി ഒരജ്ഞാനിയും തന്നെ ഉണ്ടായിരിക്കില്ല. ഈ സമയം നമ്മൾ മുഴുവൻ വിരാഡ ഡ്രാമയുടെയും ആദി-മദ്ധ്യ-അന്ത്യത്തെ അറിയുന്നു. ആദിയിൽ നമ്മൾ ആരായിരുന്നു, എവിടെ നിന്നാണ് വന്നത്, പിന്നീട് മദ്ധ്യത്തിൽ കർമ്മ ബന്ധനത്തിൽ കുടുങ്ങി എങ്ങനെയാണ് വീണ്ടും വീണത്, അന്ത്യത്തിൽ നമുക്ക് കർമ്മബന്ധനത്തിൽ നിന്ന് അതീതമായി കർമ്മാതീത ദേവതയാകണം. ഇപ്പോൾ ഏതൊരു പുരുഷാർത്ഥമാണോ നടന്നുകൊണ്ടിരിക്കുന്നത്, ഇതിലൂടെ നമ്മൾ ഭാവിയിൽ പ്രാലബ്ധമായി സത്യയുഗീ ദേവതയാകുന്നു. അഥവാ അവിടെ നമ്മൾ ഇതറിയുകയാണെങ്കിൽ അതായത് നമ്മൾ ദേവതകൾ വീഴും എങ്കിൽ ഈ ചിന്ത വരുന്നതിലൂടെ സന്തോഷം അപ്രത്യക്ഷമാകും, അതുകൊണ്ട് അവിടെ വീഴുന്നതിന്റെ ജ്ഞാനമില്ല. ഈ ചിന്ത അവിടെ ഉണ്ടായിരിക്കില്ല, നമുക്ക് ഈ ജ്ഞാനത്തിലൂടെയാണ് ഇപ്പോൾ ഇത് മനസ്സിലായത് അതായത് നമുക്ക് കയറണം സുഖത്തിന്റെ ജീവിതം ജീവിക്കണം. അരകൽപം നമ്മുടെ പ്രാലബ്ധം അനുഭവിച്ച് പിന്നീട് സ്വയം സ്വയത്തെ വിസ്മൃതമാക്കി മായക്ക് വശപ്പെട്ട് വീഴുന്നു. ഈ കയറുന്നതും വീഴുന്നതും അനാദിയായി ഉണ്ടായതും ഉണ്ടാക്കിയതുമായ കളിയാണ്. ഈ എല്ലാ ജ്ഞാനവും ഇപ്പോൾ ബുദ്ധിയിലുണ്ട്, സത്യയുഗത്തിൽ ഉണ്ടായിരിക്കില്ല. ശരി - ഓം ശാന്തി.